DEPARTMENT OF AGRICULTURE
FARM INFORMATION BUREAU
FARM NEWS

18.03.2019

# കാർഷികമേഖലാവാർത്തകൾ

## കൂൺ കൃഷി പരിശീലനം

ഹൈടെക് രീതിയിൽ കൂൺകൃഷി ചെയ്യുന്നതിനുള്ള പരിശീലന പരിപാടി ഈ മാസം 21 ന് കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള ഹൈടെക് റിസർച്ച് ആന്റ് ട്രെയിനിങ് യൂണിറ്റിൽ വച്ച് നടത്തപ്പെടുന്നു. കൂടുതൽ വിവരങ്ങൾക്ക് 8078056558, 7902386284.

## ലോഗോ മത്സരത്തിന് അപേക്ഷിക്കാം

മലപ്പുറം ജില്ലയിലെ **'എടയൂർ മുളകിന്'** ഭൗമസൂചികാംഗീകാരം ലഭ്യമാക്കുന്നതിന്റെ ഭാഗമായി എടയൂർ മുളകിന്റെ കൃഷി രീതികളും സവിശേഷതകളും പൈതൃകവും ഒത്തുചേരുന്ന ലോഗോ രൂപകല്പന ചെയ്യുന്നതിന് ബൗദ്ധീക സ്വത്തവകാശ സംരക്ഷണ സെല്ല്, കേരള കാർഷിക സർവകലാശാല മത്സരം സംഘടിപ്പിക്കുന്നു. ലോഗോകൾ ഈ മാസം 23-ന് മുമ്പായി കളർ പ്രിന്റും സി.ഡി.യിൽ ഉള്ള സോഫ്റ്റ് കോപ്പിയും സഹിതം കോർഡിനേറ്റർ, ഐ.പി.ആർ.സെൽ, കാർഷിക ഗവേഷണ കേന്ദ്രം, മണ്ണുത്തി പി.ഒ. തൃശൂർ എന്ന വിലാസത്തിൽ അയയ്ക്കേണ്ടതാണ്. വിജയിക്ക് 3000 രൂപ പാരിതോഷികവും

സർട്ടിഫിക്കറ്റും ലഭിക്കും. ഒരു വ്യക്തിക്ക് മൂന്ന് ലോഗോകൾ വരെ സമർപ്പിക്കാം. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട നമ്പർ: 9847783895.

## ജൈവവൈവിധ്യ പുരസ്കാരം അപേക്ഷ ക്ഷണിച്ചു.

സംസ്ഥാന ജൈവവൈവിധ്യ ബോർഡ് ജൈവവൈവിധ്യ പുരസ്കാരങ്ങൾക്ക് അപേക്ഷ ക്ഷണിച്ചു. ഹരിത വ്യക്തിപരിസ്ഥിതി സംരക്ഷകൻ, നാടൻ സസ്യയിനങ്ങളുടെ സംരക്ഷകൻ, നാടൻ കന്നുകാലിയിനങ്ങളുടെ സംരക്ഷകൻ, ഹരിത വിദ്യാലയം, ഹരിതകോളേജ്, ഹരിത പത്രപ്രവർത്തകൻ, ഹരിത ഇലക്ട്രോണിക് മാധ്യമ പ്രവർത്തകൻ, ഹരിത സ്ഥാപനം, ജൈവവൈവിധ്യ മേഖലയിലെ മികച്ച സന്നദ്ധ സംഘടന, മികച്ച ജൈവവൈവിധ്യ പരിപാലന സമിതി എന്നിവർക്കാണ് പുരസ്കാരം. അപേക്ഷകൾ അയയ്ക്കേണ്ട വിലാസം മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്, എൽ 14, ജയ് നഗർ, മെഡിക്കൽ കോളേജ് പി. ഒ, തിരുവനന്തപുരം -695011 എന്ന വിലാസത്തിൽ ഈ മാസം 30 നകം ലഭിക്കേണ്ടതാണ്. അപേക്ഷയുടെ മാതൃകയും വിശദവിവരങ്ങളും www.keralabiodiversity.org ലഭ്യമാണ്. ഫോൺ നമ്പർ 0471-2554740.

## 20 -ാം മത് കന്നുകാലി സെൻസസ്

അഞ്ച് വർഷത്തിലൊരിക്കൽ മൃഗസംരക്ഷണ വകുപ്പ് നടത്തി വരുന്ന കന്നുകാലി സെൻസസ് ഈ വർഷം മാർച്ച് 1 മുതൽ മെയ് 31 വരെ. കേരളത്തിലെ എല്ലാ തദ്ദേശ സ്വയംഭരണ വാർഡുകളിലും

വിവരശേഖരണം അഥവാ സെൻസസ് നടന്നുവരുന്നു. കുടുംബങ്ങൾ, സംരംഭങ്ങൾ, സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ എല്ലാ പക്ഷി മൃഗാദികളുടെയും ഇനം തിരിച്ചുള്ള വിവരങ്ങൾ സെൻസസ് വഴി ശേഖരിക്കുന്നു. ഇപ്പോൾ നടക്കുന്ന 20 -ാം മത് കന്നുകാലി സെൻസസിൽ മത്സ്യകൃഷി, മത്സ്യബന്ധനം, വിപണനം ഉൾപ്പെടെയുള്ള അനുബന്ധ മേഖലകളേയും സംബന്ധിച്ച വിവരങ്ങളും ശേഖരിക്കുന്നു. കന്നുകാലി സെൻസസിലൂടെ ലഭിക്കുന്ന വിവരശേഖരണം കേരളത്തിലെ മൃഗസംരക്ഷണ വകുപ്പിന്റെ വിവിധ പദ്ധതികളുടെ ആസൂത്രണത്തിനും കാര്യക്ഷമമായ നടത്തിപ്പിനും ഉപയോഗപ്രദമായിരിക്കും. കന്നുകാലി സെൻസസിന്റെ വിവര ശേഖരണത്തിനായി ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥർ കർഷകരുടെ കുടുംബം സന്ദർശിക്കുന്ന അവസരത്തിൽ കൃത്യതയാർന്ന കണക്കുവിവരങ്ങൾ നൽകേണ്ടതാണെന്ന് മൃഗസംരക്ഷണവകുപ്പ് ഡയറക്ടർ അറിയിച്ചു.

## അറിയിപ്പ്

കർഷകർക്കുള്ള വിള പരിപാലന നിർദ്ദേശം ഇനി പറയുന്നു. അന്തരീക്ഷ ഊഷ്മാവ് കൂടി വരുന്ന സാഹചര്യത്തിൽ തെങ്ങിൻതടങ്ങളിൽ ഈർപ്പം നിലനിർത്തുന്നതിനായി പച്ചയോ ഉണങ്ങിയതോ ആയ ചകിരിയിട്ട് മൂടുന്നത് നല്ലതാണ്. തെങ്ങിന്റെ ചുവട്ടിൽ നിന്നും കുറച്ച് അകലത്തിൽ ചകിരിയുടെ കുഴിഞ്ഞ ഉൾഭാഗം മുകളിലേയ്ക്ക് വരത്തക്കവിധത്തിലാണ് ചകിരി അടുക്കി ഇതിനു മുകളിൽ മണ്ണിട്ടു മൂടണം. ചകിരിക്കു പകരം ചകിരിച്ചോറ് തടത്തിലിട്ടു മൂടുന്നതും ഈർപ്പം

സംരക്ഷിക്കാൻ ഉതകുന്നതാണ്. തെങ്ങിനെ ബാധിക്കുന്ന പ്രധാന കീടമായ ചെമ്പൻ ചെല്ലികളെ നിയന്ത്രിക്കുന്നതിന് 250 ഗ്രാം വേപ്പിൻ പിണ്ണാക്ക് അല്ലെങ്കിൽ മരോട്ടിപ്പിണ്ണാക്ക് 250 ഗ്രാം മണലുമായി ചേർത്ത് ഓലക്കവിളിൽ നിക്ഷേപിക്കുക. ആക്രമണം രൂക്ഷമാണെങ്കിൽ തെങ്ങിൻ തടിയിലെ ദ്വാരങ്ങൾ കണ്ടുപിടിച്ച് മുകളിലത്തെ ദ്വാരങ്ങൾ ഒഴികെ മറ്റെല്ലാ ദ്വാരങ്ങളും അടച്ചതിനുശേഷം മുകളിലത്തെ ദ്വാരത്തിലൂടെ ഒരു ശതമാനം വീര്യമുള്ള കാർബാറിൽ തെങ്ങൊന്നിന് ഒരു ലിറ്റർ എന്ന തോതിൽ ഒഴിച്ചുകൊടുക്കുക.